LIBRARY ARCHIVES Kerala Legislative Assembly

ആയൂർ-ഇത്തിക്കര റോഡ് ബി.എം. ആന്റ് ബി.സി. പ്രകാരം നവീകരണത്തിന് ഭരണാനുമതി.

337 (1394) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ആയൂർ-ഇത്തിക്കര റോഡ് ബി.എം. & ബി.സി. പ്രകാരം നവീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സത്വരമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ചടയമംഗലം റോഡ് സെക്ഷൻ പരിധിയിലുള്ള ആയൂർ-ഇത്തിക്കര (8 /000 മുതൽ 17/500 വരെ) റോഡിന്റെ 950 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 31-5-2013-ൽ ഭരണാനുമതിക്കായി ലഭിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ കഴിഞ്ഞില്ല.

കാവിൽ- തീക്കുനി-കുറ്റ്യാടി റോഡിനുള്ള ഭരണാനുമതി

338 (1395) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ 2011 മുതൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ ചെയിനേജിൽ ഉൾപ്പെട്ടതാണെന്നും ഓരോ ചെയിനേജിലും എത്ര തുക വീതമാണ് വകയിരുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനി സാങ്കേതികാനുമതി ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സാങ്കേതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഇ) സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?